## ഓച്ചിറ ക്ഷേത്രോത്സവവുമായി ബന്ധപ്പെട്ട വൈദ്യുതി തടസ്സം

232 (617) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഓച്ചിറ ക്ഷേത്രോത്സവത്തിന് പടുക്കുറ്റൻ കെട്ടുകാളകളെ കൊണ്ടുവരുന്നതുമൂലം ദിവസങ്ങളോളം വൈദ്യുതി ലഭ്യമല്ലാത്ത അവസ്ഥ പരിഹരിക്കുവാൻ ഭൂമിയ്ക്കടിയിലൂടെ വൈദ്യുത ലൈൻ വലിക്കുന്ന നടപടി വിശദമാക്കാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഓച്ചിറ ക്ഷേത്രത്തിലെ ഉത്സവത്തിന്, കെട്ടുകാളകളെ കൊണ്ടുവരുന്ന വഴികൾ മുൻകൂട്ടി തീരുമാനിച്ച്, പ്രസ്തുത റൂട്ടുകൾ പരിശോധിച്ച് ആവശ്യമായ സ്ഥലങ്ങളിൽ ലൈനുകൾ അഴിച്ചുമാറ്റി വൈദ്യുതി തടസ്സ സമയപരിധി കുറയ്ക്കുന്ന പ്രവൃത്തികളാണ് നിലവിൽ നടപ്പിലാക്കിവരുന്നത്. കെട്ടുകാള വരുന്ന റൂട്ടുകളിൽ ഭൂമിയ്ക്കടിയിലൂടെ വൈദ്യുത കേബിൾ സ്ഥാപിക്കുക വഴി പ്രസ്തുത വൈദ്യുതി തടസ്സം കുറയ്ക്കാൻ സാധിക്കുന്നതാണ്. കരുനാഗപ്പള്ളി എം.എൽ.എ.-യും ഉദ്യോഗസ്ഥരുമായി നടത്തിയ യോഗത്തിൽ അമ്പല കമ്മിറ്റിയുമായി ചർച്ച ചെയ്ത് കൃത്യമായ റൂട്ടുകൾ നിശ്ചയിക്കാമെന്നാണ് തീരുമാനം ഉണ്ടായത്. കെട്ടുകാള വരുന്ന റൂട്ട് തീരുമാനിച്ച്, ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ തുക ഒടുക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## തച്ചമ്പാറ പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം

233 (618) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ തച്ചമ്പാറ പഞ്ചായത്തിൽ പാലക്കുന്ന് പ്രദേശത്ത് പ്രസരണ ലൈൻ തോട്ടുകളുടെയും പുഴകളുടെയും മുളംകാട്ടുകളുടെയും മുകളിലൂടെ പോകുന്നതുമൂലം വൈദ്യുതി തകരാർ പരിഹരിക്കാനോ യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിനോ കഴിയാത്തതുമൂലം രൂക്ഷമായ വൈദ്യുതി ക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വൈദ്യുതി തകരാറുകൾ കഴിയുന്നത്ര യഥാസമയം പരിഹരിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി പാലക്കയം ജംഗ്ഷൻ അച്ചിലട്ടി റോഡ് വഴി ത്രീഫേസ് ലൈൻ വലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly